## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4864 | 05/02/2014-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

### ആശ്രയ പദ്ധതി വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഹൈബി ഈഡൻ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ അംഗമായിട്ടില്ലാത്ത അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി ആശ്രയ പദ്ധതി വിപുലീകരിച്ച് രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് |
| (സി) | രണ്ടാംഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ? | (സി) | ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുകയുടെ 50% എങ്കിലും ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നത്. ഈ വ്യവസ്ഥ ഒഴിവാക്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ